# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.982** **25.01.2018 ലെ മറുപടി**

## നമ്രാണി ചെക്ക് ഡാം

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള: | മറുപടി<br>മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ) മലപ്പുറം കടലുണ്ടിപ്പുഴയിലെ നമ്രാണി ചെക്ക് ഡാമിന്റെ ചോർച്ച പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;<br><br>(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പും വിശദാംശവും നൽകാമോ; | (എ) & (ബി)<br>കടലുണ്ടിപ്പുഴയിലെ നമ്രാണി ചെക്ക് ഡാമിൽ വലിയ തോതിൽ ചോർച്ച കണ്ടെത്തിയിട്ടില്ല. ഇതിന്റെ സംഭരണ ശേഷി നിലവിലെ സാഹചര്യത്തിൽ അപര്യാപ്തമായതിനാൽ പുതിയ റെഗുലേറ്റർ നിർമ്മിക്കുവാൻ ജില്ല വികസന സമിതി യോഗത്തിൽ ജില്ലാ കളക്ടറും ബഹുമാനപ്പെട്ട എം.എൽ.എയും ആവശ്യം ഉന്നയിച്ചിട്ടുണ്ട്. |
| (സി) മലപ്പുറം നഗരസഭയിലെയും പരിസരങ്ങളിലെയും രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നമ്രാണിയിൽ ഒരു പുതിയ ചെക്ക്ഡാം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) നമ്രാണിയിൽ ഒരു പുതിയ റെഗുലേറ്റർ നിർമ്മിക്കുന്നതിനായി പദ്ധതി തയ്യാറാക്കുവാൻ ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ സാദ്ധ്യതാ പഠനം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ